(Pages : 4 + Outline Map of India)

**S 1918**

Sl. No.

# SSLC EXAMINATION, MARCH - 2024

## SOCIAL SCIENCE

(Malayalam)

Time : 2½ Hours

Total Score : 80

**പൊതുനിർദ്ദേശങ്ങൾ :**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- **PART - A** യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. **PART - B** യിലെ ഓരോ ചോദ്യ നമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഒരു ചോദ്യത്തിന് മാത്രമേ ഉത്തരം എഴുതേണ്ടതുള്ളൂ.

Score

### PART - A

**1.** കാവേരി നദിയുടെ പോഷകനദിയേത് ? 1

(a) ഭീമ (b) ശബരി (c) തുംഗഭദ്ര (d) കബനി

**2.** മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോഭം ഏത് ? 1

(a) ഖേഡ സമരം (b) നിസ്സഹകരണ സമരം

(c) ക്വിറ്റ് ഇന്ത്യാ സമരം (d) സിവിൽ നിയമ ലംഘന സമരം

**3.** സംസ്ഥാന സർവീസിന് ഉദാഹരണമാണ് : 1

(a) കൃഷി ഓഫീസർ (b) ഇന്ത്യൻ ഫോറിൻ സർവീസ്

(c) ഇന്ത്യൻ പോലീസ് സർവീസ് (d) ഇന്ത്യൻ റെയിൽവേ സർവീസ്

**4.** ചുവടെ നൽകിയിരിക്കുന്നവയിൽ മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതയേത് ? 1

(a) വിദ്യാഭ്യാസം (b) ആയുർദൈർഘ്യം

(c) ആരോഗ്യ പരിപാലനം (d) പ്രായഘടന

**5.** 'കോട്ടോണോപോളിസ് ' എന്ന് വിശേഷിപ്പിക്കുന്ന ഇന്ത്യൻ നഗരമേത് ? 1

(a) കൊൽക്കത്ത (b) അഹമ്മദാബാദ്

(c) മുംബൈ (d) കോയമ്പത്തൂർ



https://www.keralaboard.com

Score

6. സമൂഹ ശാസ്ത്ര പഠന രീതികളിൽ ഏതെങ്കിലും മൂന്നെണ്ണം സൂചിപ്പിക്കുക. 3

7. വിവരാവകാശ നിയമത്തിന്റെ ലക്ഷ്യങ്ങൾ പട്ടികപ്പെടുത്തുക. 3

8. 'പശ്ചിമ അസ്വസ്ഥത' എന്നാലെന്ത് ? 3

9. ഇന്ത്യയിലെ തേയില കൃഷിയെപ്പറ്റി കുറിപ്പെഴുതുക. 3

10. മാനവ വിഭവശേഷി മെച്ചപ്പെടുത്തുന്നതു കൊണ്ടുള്ള മൂന്ന് പ്രയോജനങ്ങൾ വിശദമാക്കുക. 3

11. 'എ' കോളത്തിനനുയോജ്യമായി 'ബി' കോളം ക്രമപ്പെടുത്തി എഴുതുക. 4

| എ | ബി |
|---|---|
| വൈകുണ്ഠ സ്വാമികൾ | അരയസമാജം |
| അയ്യങ്കാളി | തിരുവിതാംകൂർ മുസ്ലിം മഹാജനസഭ |
| പണ്ഡിറ്റ് കെ. പി. കറുപ്പൻ | സാധുജന പരിപാലന സംഘം |
| വക്കം അബ്ദുൽ ഖാദർ മൌലവി | സമത്വ സമാജം |

12. ബ്രിട്ടീഷുകാർക്കെതിരായ സമരത്തിൽ ഉപ്പ് പ്രധാന ആയുധമായി തിരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം ? 4

13. ഉപഭോക്തൃ തർക്കത്തിൽ പരാതി നൽകാവുന്ന സന്ദർഭങ്ങൾ ഏതെല്ലാം ? 4

14. സ്വതന്ത്ര ഇന്ത്യ ബഹിരാകാശ ഗവേഷണ രംഗത്ത് കൈവരിച്ച പ്രധാന നേട്ടങ്ങൾ വിശദമാക്കുക. 4

15. ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ, നല്കിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4

(A) നർമദാ നദി
(B) പൂർവഘട്ടം
(C) മാൾവാ പീഠഭൂമി
(D) കൊച്ചി തുറമുഖം

https://www.keralaboard.com

Score

## PART - B

16. ലാൽ - ബാൽ - പാൽ എന്നറിയപ്പെടുന്ന ദേശീയ നേതാക്കന്മാരുടെ പേരെഴുതുക. 3

**അല്ലെങ്കിൽ**

ഇന്ത്യൻ ദേശീയത രൂപപ്പെടുത്തുന്നതിൽ വർത്തമാന പത്രങ്ങൾ വഹിച്ച പങ്ക് വിശദമാക്കുക.

17. ആഗോള മർദ്ദ മേഖലകൾ ഏതെല്ലാം ? 3

**അല്ലെങ്കിൽ**

ഋതുഭേദങ്ങൾക്കുള്ള കാരണങ്ങളെന്തെല്ലാം ?

18. ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ എഴുതുക. 3

**അല്ലെങ്കിൽ**

'നീൽ ദർപ്പൺ' എന്ന നാടകം രചിച്ചതാര് ? ഈ നാടകം ഇന്ത്യൻ ദേശീയതയെ സ്വാധീനിച്ചതെങ്ങനെ ?

19. രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകൾ വിശദമാക്കുക. 4

**അല്ലെങ്കിൽ**

പൗരബോധം എന്നാലെന്ത് ? പൗരബോധത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.

20. പൊതു ചെലവുകളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. 4

**അല്ലെങ്കിൽ**

പെയ്മെന്റ് ബാങ്കുകളുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

21. രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങൾ ഏതെല്ലാം ? 4

**അല്ലെങ്കിൽ**

പൗരബോധം വളർത്തിയെടുക്കുന്നതിൽ സംഘടനകളും മാധ്യമങ്ങളും വഹിക്കുന്ന പങ്ക് വിശദീകരിക്കുക.

22. ഊർജ ഉറവിടത്തെ അടിസ്ഥാനമാക്കിയുള്ള രണ്ട് വിദൂരസംവേദന രീതികൾ വിശദമാക്കുക. 4

**അല്ലെങ്കിൽ**

കോണ്ടൂർ ഇടവേള എന്നാലെന്ത് ? കോണ്ടൂർ രേഖകൾ തമ്മിലുള്ള അകലവും ഭൂപ്രദേശത്തിന്റെ ചരിവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ?



https://www.keralaboard.com

Score

23. ധന നയത്തിന്റെ ലക്ഷ്യങ്ങൾ സൂചിപ്പിക്കുക. 4

**അല്ലെങ്കിൽ**

വാണിജ്യ ബാങ്കുകൾ സ്വീകരിക്കുന്ന വിവിധതരം നിക്ഷേപങ്ങൾ പട്ടികപ്പെടുത്തുക.

24. അന്താരാഷ്ട്ര ദിനാങ്കരേഖയെക്കുറിച്ച് വിവരണം തയ്യാറാക്കുക. 5

**അല്ലെങ്കിൽ**

പ്രാദേശിക വാതങ്ങൾ എന്നാലെന്ത് ? ചുവടെ നല്കിയിട്ടുള്ള പ്രാദേശിക വാതങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

(i) ചിനൂക്ക്

(ii) ലൂ

25. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ ചുവടെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക. 6

സൂചനകൾ :

- മെർക്കന്റലിസ്റ്റ് നിയമങ്ങൾ
- കോണ്ടിനെന്റൽ കോൺഗ്രസ്സുകൾ

**അല്ലെങ്കിൽ**

രണ്ടാം ലോക യുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദമാക്കുക.

-oOo-

https://www.keralaboard.com
Whatsapp @ 9300930012
Send your old paper & get 10/-
अपने पुराने पेपर्स भेजे और 10 रुपये पायें,
Paytm or Google Pay से

https://www.keralaboard.com